**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4810** **19-03-2025 - ൽ മറുപടിയ്ക്ക്**

**യുവാക്കൾ നടത്തുന്ന അതിക്രമങ്ങൾ തടയാൻ കർമ്മ പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീമതി കെ. കെ. രമ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് യുവാക്കൾ നടത്തുന്ന ക്രൂരമായ അതിക്രമങ്ങൾ വർധിക്കുന്നത് യുവജനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ‘No To Drugs’ എന്ന മുദ്രാവാക്യമുയർത്തി കേരള സർക്കാർ സംഘടിപ്പിച്ച മയക്കുമരുന്നിനെതിരെ ജനകീയ പ്രതിരോധം ഒരുക്കുവാനുള്ള വിപുലമായ പദ്ധതിയിൽ യുവജനകാര്യ വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പങ്കാളിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2022 മാർച്ച് 30 ന് 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിനെതിരായി 'ജനസഭ' എന്ന പേരിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലഹരിവിരുദ്ധ പ്രതിജ്ഞ, ദീപം തെളിയിക്കൽ തുടങ്ങിയവ സംഘടിപ്പിച്ചു. മന്ത്രിമാർ, എം.എൽ.എ മാർ, ജനപ്രതിനിധികൾ, പ്രമുഖ വ്യക്തിത്വങ്ങൾ, പോലീസ്, എക്സൈസ് മേധാവികൾ, ആരോഗ്യ രംഗത്തെ പ്രമുഖർ തുടങ്ങിയവർ പ്രസ്തുത പരിപാടിയിൽ സംബന്ധിക്കുകയുണ്ടായി. കൂടാതെ, 2022 ഒക്ടോബർ മുതൽ 2023 ജനുവരി വരെ നീണ്ടുനിന്ന വിവിധങ്ങളായ ക്യാമ്പയിനുകൾ യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുകയുണ്ടായി. ലഹരി വിരുദ്ധ സന്ദേശം ഉയർത്തിക്കൊണ്ടുള്ള കൂട്ടയോട്ടം, യുവ അഭിഭാഷകരുടെ കൂട്ടായ്മ, ട്രാൻസ്ജെന്റേഴ്സ് വിഭാഗങ്ങളിലുള്ളവരുടെ ക്യാമ്പയിൻ, ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവിടങ്ങളിലെ ഐറ്റി പ്രൊഫഷണലുകളുടെ ക്യാമ്പയിൻ എന്നിവ സംഘടിപ്പിച്ചു. ഇതുകൂടാതെ, യുവജനക്ഷേമ ബോർഡ് രൂപീകരിച്ച അവളിടം യുവതി ക്ലബ്ബുകളുടെ നേതൃത്വത്തിൽ 14 ജില്ലകളിലും ലഹരിക്കെതിരെയുള്ള കലാജാഥ 'ഉയിർപ്പ്' എന്ന പേരിൽ സംഘടിപ്പിക്കുകയുണ്ടായി. ഈ കലാജാഥയിൽ |

| | | | |
|---|---|---|---|
| | | | തെരുവു നാടകം, തെരുക്കൂത്ത്, ഫ്ളാഷ് മോബ്, ലഘു വീഡിയോ പ്രദർശനം, സംഗീത ശിൽപം, മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണം എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്.<br><br>സംസ്ഥാന യുവജനക്ഷേമ ബോർഡ് ലഹരിക്കെതിരായി തിരുവനന്തപുര ത്തുള്ള കരിമഠം, ചെങ്കൽച്ചൂള (രാജാജി നഗർ) എന്നിവിടങ്ങളിലെ ചെറുപ്പക്കാർ ക്കിടയിൽ ‘ Real to Reel ’ എന്ന പേരിൽ ഒരാഴ്ച നീണ്ടുനിന്ന സിനിമ നിർമ്മാണ ശിൽപശാലയും സംഘടിപ്പിക്കുകയുണ്ടായി. ലഹരിക്കെതി രെയുള്ള ബോധവൽക്കരണ ത്തിന്റെ ഭാഗമായി ഒരു പ്രചരണ ചിത്രം നിർമ്മിക്കുകയുണ്ടായി.<br><br>കൂടാതെ കേരള സംസ്ഥാന യുവജനകമ്മീഷൻ മുഖേന യുവജനങ്ങൾക്കിടയിൽ വ്യാപക മായിട്ടുള്ള മദ്യം, ലഹരി എന്നിവയുടെ ഉപേയാഗം തടയുന്നതിനാവശ്യമായ ബോധവത്ക്കരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കോളജുകളിലും, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന ക്ലബുകൾ, വായനശാലകൾ, സാംസ്കാരിക നിലയങ്ങൾ, ജയിലുകൾ തുടങ്ങിയ യുവജനങ്ങളുടെ പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും ഈ പദ്ധതിയുടെ ഭാഗമായി ബോധവത്ക്കരണ പരിപാടികൾ കമ്മീഷൻ നടപ്പാക്കി വരുന്നു. അതോടൊപ്പം സൈബർ കുറ്റകൃതങ്ങൾക്കെതിരായും, ട്രാഫിക് നിയമലംഘനങ്ങൾക്കെതിരായും, ബോധവത്കരണ പരിപാടികളും കമ്മീഷൻ നടത്തിവരുന്നു. കൂടാതെ ലഹരിയ്ക്കെതിരെ ബോധവൽക്കരണ ക്യാമ്പയിൻ/കലാജാഥ, നിയമപരമായ സഹായം, കൗൺസലിംഗ്/ ഹ്രസ്വ ചിത്ര മത്സരം എന്നിവയും സംഘടിപ്പിച്ചു വരുന്നു. |
| (ബി) | യുവാക്കളുടെ ഇടയിൽ കുറ്റകൃത്യങ്ങൾ വർധിക്കുന്നത് തടയാൻ മറ്റു വകുപ്പുകളുമായി ചേർന്ന് യുവജനകാര്യ വകുപ്പ് കർമ്മ പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കുമോ; വിശദമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ‘No To Drugs’ എന്ന മുദ്രാവാക്യമുയർത്തി കേരള സർക്കാർ സംഘടിപ്പിച്ച മയക്കുമരുന്നിനെതിരെ ജനകീയ പ്രതിരോധം ഒരുക്കുവാനുള്ള വിപുലമായ പദ്ധതിയിൽ യുവജനകാര്യ വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പങ്കാളിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2022 മാർച്ച് 30 ന് 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിനെതിരായി 'ജനസഭ' എന്ന പേരിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലഹരിവിരുദ്ധ പ്രതിജ്ഞ, ദീപം തെളിയിക്കൽ |

തുടങ്ങിയവ സംഘടിപ്പിച്ചു. മന്ത്രിമാർ, എം.എൽ.എ മാർ, ജനപ്രതിനിധികൾ, പ്രമുഖ വ്യക്തിത്വങ്ങൾ, പോലീസ്, എക്സൈസ് മേധാവികൾ, ആരോഗ്യ രംഗത്തെ പ്രമുഖർ തുടങ്ങിയവർ പ്രസ്തുത പരിപാടിയിൽ സംബന്ധിക്കുകയുണ്ടായി. കൂടാതെ, 2022 ഒക്ടോബർ മുതൽ 2023 ജനുവരി വരെ നീണ്ടുനിന്ന വിവിധങ്ങളായ ക്യാമ്പയിനുകൾ യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുകയുണ്ടായി. ലഹരി വിരുദ്ധ സന്ദേശം ഉയർത്തിക്കൊണ്ടുള്ള കൂട്ടയോട്ടം, യുവ അഭിഭാഷകരുടെ കൂട്ടായ്മ, ട്രാൻസ്ജെന്റേഴ്സ് വിഭാഗങ്ങളിലുള്ളവരുടെ ക്യാമ്പയിൻ, ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവിടങ്ങളിലെ ഐറ്റി പ്രൊഫഷണലുകളുടെ ക്യാമ്പയിൻ എന്നിവ സംഘടിപ്പിച്ചു. ഇതുകൂടാതെ, യുവജനക്ഷേമ ബോർഡ് രൂപീകരിച്ച അവളിടം യുവതി ക്ലബ്ബുകളുടെ നേതൃത്വത്തിൽ 14 ജില്ലകളിലും ലഹരിക്കെതിരെയുള്ള കലാജാഥ 'ഉയിർപ്പ്' എന്ന പേരിൽ സംഘടിപ്പിക്കുകയുണ്ടായി. ഈ കലാജാഥയിൽ തെരുവു നാടകം, തെരുക്കൂത്ത്, ഫ്ളാഷ് മോബ്, ലഘു വീഡിയോ പ്രദർശനം, സംഗീത ശിൽപം, മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണം എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്.

സംസ്ഥാന യുവജനക്ഷേമ ബോർഡ് ലഹരിക്കെതിരായി തിരുവനന്തപുര ത്തുള്ള കരിമഠം, ചെങ്കൽച്ചൂള (രാജാജി നഗർ) എന്നിവിടങ്ങളിലെ ചെറുപ്പക്കാർ ക്കിടയിൽ ‘ Real to Reel ’ എന്ന പേരിൽ ഒരാഴ്ച നീണ്ടുനിന്ന സിനിമ നിർമ്മാണ ശിൽപശാലയും സംഘടിപ്പിക്കുകയുണ്ടായി. ലഹരിക്കെതി രെയുള്ള ബോധവൽക്കരണ ത്തിന്റെ ഭാഗമായി ഒരു പ്രചരണ ചിത്രം നിർമ്മിക്കുകയുണ്ടായി.

കൂടാതെ കേരള സംസ്ഥാന യുവജനകമ്മീഷൻ മുഖേന യുവജനങ്ങൾക്കിടയിൽ വ്യാപക മായിട്ടുള്ള മദ്യം, ലഹരി എന്നിവയുടെ ഉപയോഗം തടയുന്നതിനാവശ്യമായ ബോധവത്ക്കരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കോളേജുകളിലും, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന ക്ലബ്ബുകൾ, വായനശാലകൾ, സാംസ്കാരിക നിലയങ്ങൾ, ജയിലുകൾ തുടങ്ങിയ യുവജനങ്ങളുടെ പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും ഈ പദ്ധതിയുടെ ഭാഗമായി ബോധവത്ക്കരണ പരിപാടികൾ കമ്മീഷൻ നടപ്പാക്കി വരുന്നു. അതോടൊപ്പം സൈബർ കുറ്റകൃതങ്ങൾക്കെതിരായും, ട്രാഫിക് നിയമലംഘനങ്ങൾക്കെതിരായും, ബോധവത്കരണ പരിപാടികളും കമ്മീഷൻ

| | | | |
|---|---|---|---|
| | | | നടത്തിവരുന്നു. കൂടാതെ ലഹരിയ്ക്കെതിരെ ബോധവൽക്കരണ ക്യാമ്പയിൻ/കലാജാഥ, നിയമപരമായ സഹായം, കൗൺസലിംഗ്/ ഹ്രസ്വ ചിത്ര മത്സരം എന്നിവയും സംഘടിപ്പിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ